**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിൽ എസ്.പി.സി യൂണിറ്റ് പ്രവർത്തിച്ചു വരുന്ന സ്കൂളുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പുതുതായി എസ്.പി.സി. തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ എസ്.പി.സി യൂണിറ്റുകൾ ആരംഭിക്കുന്നതിന് 6 സ്കൂളുകൾ പുതുതായി അപേക്ഷിച്ചു. 1. GHSS Sreepuram Manakkadav (HS&HSS) 2. NSS, HSS Alakkode (HS) 3. St.Joseph HSS Vayattuparamba (HS) 4. St.George HS Chembanthotty (HS) 5. St.Thomas HS Manikkadav 6. Devamatha HS Paisakkari ഇതിൽ St.Thomas HS Manikkadav, Devamatha HS Paisakkari എന്നീ സ്കൂളുകൾക്ക് ഈ അധ്യയന വർഷം എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്. |
| (സി) | എയിഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് ഒരുക്കേണ്ട സൗകര്യങ്ങളും ഒടുക്കേണ്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഇളവുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പുതുതായി എസ്.പി.സി പദ്ധതി അനുവദിക്കുന്നതിന് സ്കൂളുകളിൽ രണ്ട് അദ്ധ്യാപകരെ എസ്.പി.സി പദ്ധതി നയിക്കുന്നതിന് നിയോഗിക്കേണ്ടതും ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളിൽ അദ്ധ്യാപകരിൽ ഒരാൾ വനിത ആയിരിക്കേണ്ടതുമാണ്. കായികക്ഷമതാ പരിശീലനത്തിന് ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി യൂണിഫോമും, പി.ടി.ഡ്രസ്സും ഇവ മാറുന്നതിനുള്ള സൗകര്യം (ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളിൽ പ്രത്യേകം മുറി) എന്നീ മാനദണ്ഡങ്ങളാണ് എസ്. പി. സി. പദ്ധതി ആരംഭിക്കുന്നതിനു നിലവിലുള്ളത്. സ്കൂൾ മാനേജ്മെന്റ് ഒടുക്കേണ്ട തുക സംബന്ധിച്ച കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ